X 2014

**Series HRS**

Code No. **12**

Roll No.

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it.**
- 15 minutes time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# SUMMATIVE ASSESSMENT – II

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 90*

*Time allowed : 3 hours* | *Maximum Marks : 90*

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 14 marks |
| Section C : Grammar | 18 marks |
| Section D : Literature | 48 marks |

## എ വിഭാഗം / SECTION A

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമാണ് റൊമാന്റിക് പ്രസ്ഥാനം ഇംഗ്ലീഷ് സാഹിത്യത്തിൽ സജീവമായി ആവിർഭവിച്ചത്. വേർഡ്സ്വർത്ത്, കോളറിഡ്ജ്, കീറ്റ്സ്, ബൈറൻ, ഷെല്ലി മുതലായ പ്രതിഭാശാലികളാണ് റൊമാന്റിക് പ്രവണത ഉൾക്കൊണ്ട കാവ്യങ്ങൾ രചിച്ച് സുസ്മരണീയരായിത്തീർന്നത് വിപ്ലവകാരികളായ കഥാപാത്രങ്ങളെ അവതരിപ്പിക്കാനും കാവ്യ രചനയിൽ പുതിയ പരീക്ഷണങ്ങൾ നടത്താനും റൊമാന്റിക് കവികൾ സന്നദ്ധരായി. ക്ലാസ്സിക് കവികൾ വസ്തുക്കളുടെ ശാശ്വത സ്വഭാവം കാണുമ്പോൾ കാല്പനിക കവികൾ അവയുടെ താത്കാലിക സ്വഭാവം മാത്രമേ കാണുന്നുള്ളൂ. പുതിയ പുതിയ കാവ്യസങ്കേതങ്ങൾ തേടിപ്പോകുന്ന ഇക്കവികൾ സർഗ്ഗ സ്വാതന്ത്ര്യത്തിന് പരമ പ്രാധാന്യം കല്പിക്കുന്നു. ജീവിതത്തെ സ്വന്തം ഭാവനയ്ക്കനുസരണമായി നിറം പിടിപ്പിച്ചാലേ കാല്പനിക കവിക്ക് തൃപ്തി വരികയുള്ളൂ. വികാരത്തിന്റേയും സൗന്ദര്യത്തിന്റേയും പുതുലോകം സൃഷ്ടിക്കുന്ന ഈ കവികൾ അനുവാചക ഹൃദയങ്ങളെ പെട്ടെന്ന് ആകർഷിക്കുന്നു. കാല്പനികപ്രസ്ഥാനത്തിന്റെ പൊതുസ്വഭാവമെല്ലാം ഉൾകൊണ്ടതാണ് മലയാളത്തിലെ ഖണ്ഡകാവ്യങ്ങൾ. ആശാൻ, വള്ളത്തോൾ, ഉള്ളൂർ, ചങ്ങമ്പുഴ, വിസി, ഇടപ്പള്ളി തുടങ്ങിയവർ കാല്പനിക പ്രസ്ഥാനത്തിന്റെ ശക്തികേന്ദ്രങ്ങളാണ്.

**ചോദ്യങ്ങൾ :**

(i) പാശ്ചാത്യദേശത്തെ പ്രഖ്യാതരായ ആദ്യകാല റൊമാന്റിക് കവികൾ ആരൊക്കെയായിരുന്നു ? 2

(ii) ക്ലാസ്സിക് കവിത റൊമാന്റിക് കവിതയിൽനിന്നു വ്യത്യസ്തമായിരിക്കുന്നതെങ്ങനെ ? 2

(iii) റൊമാന്റിക് കവിതയുടെ പ്രധാന പ്രത്യേകതകൾ എന്തെല്ലാം ? 2

(iv) മലയാളത്തിലെ കാല്പനികകവികളിൽ പ്രധാനികൾ ആരെല്ലാമായിരുന്നു ? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. 2

## ബി വിഭാഗം / SECTION B

2. (a) ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക : 7

   (i) മാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം.

   (ii) പ്രകൃതി സംരക്ഷണവും വികസന സങ്കല്പവും.

   (iii) ലഹരി വസ്തുക്കളും പുതിയ തലമുറയും.

   (b) നിങ്ങളുടെ പ്രദേശത്തെ ജനജീവിതത്തെ ദുരിതത്തിലാക്കുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അധികൃതർക്ക് ഒരു കത്തെഴുതുക. 7

## സി വിഭാഗം / SECTION C

3. (a) പ്രയോഗം മാറ്റുക. *2×1=2*

   (i) എല്ലാ യന്ത്രങ്ങളും എന്നാൽ ബഹിഷ്കരിക്കപ്പെടും.

   (ii) വാച്ച്മാൻ വിളംബരം നൽകി.

   (b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക. *1*

   കുറ്റൻ യന്ത്രങ്ങളും മില്ലുകളും സ്ഥാപിച്ച് വസ്തുക്കൾ നിർമ്മിച്ചു തുടങ്ങിയാൽ ചുരുക്കം ചിലർ ധനികരും അധികാരികളും ആയിത്തീരും.

   (c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *1*

   ഇരുട്ടിൽ കാഴ്ച നഷ്ടപ്പെടുന്നതിനു മുമ്പ് അയാൾ വീണ്ടും ഒന്നു കൂടെ നോക്കി.

   (d) പരിച്ചെഴുതി സന്ധിനിർണയിക്കുക : *2×1=2*

   (i) രാജ്യങ്ങൾ

   (ii) ജാതിച്ചുവട്

   (e) വിഗ്രഹിച്ച് സമാസം നിർണയിക്കുക : *2×1=2*

   (i) കൺപോള

   (ii) നേത്രാഭിരാമം

4. ബ്രാക്കറ്റിൽനിന്നു ശരിയായ ഉത്തരം എടുത്തെഴുതുക :

(a) പര്യായപദങ്ങൾ എഴുതുക. 2×1=2

(i) ചുണ്ട്

(കപോലം, ചൊടി, അധരം, കർണ്ണം)

(ii) കൊടി

(കേതു, ഹേതു, ധ്വജം, ദ്വിജൻ)

(b) വിപരീത പദം എഴുതുക : 2×1=2

(i) ശീഘ്രം

(ഭംഗുരം, വൃദ്ധി, മന്ദം, വേഗം)

(ii) സങ്കുചിതം

(കഠിനം, സംഹാരം, വികസ്വരം, വികസിതം)

(c) നാനാർഥ പദങ്ങൾ എഴുതുക : 2×1=2

(i) സൂത്രം

(മാർഗ്ഗം, ഉപായം, ചരട്, കാപട്യം)

(ii) യുഗം

(ചെയ്യുക, രണ്ട്, മാസം, വർഷം)

(d) അർത്ഥ വ്യത്യാസം എഴുതുക : 2×1=2

(i) അണയുക - അണിയുക

(എത്തുക, ചാർത്തുക, പോരുക, ഒഴിവാക്കുക)

(ii) കർമ്മം - മർമ്മം

(സന്യാസി, പ്രധാനഭാഗം, പ്രവൃത്തി, യോഗം)

(e) എതിർലിംഗം എഴുതുക. 2×1=2

(i) ശാന്തൻ

(ശാന്തി, ശാന്തിനി, ശാന്ത, ശാന്തകി)

(ii) കർത്താവ്

(കർത്താവി, കർത്തി, കർത്രി, കർത്താവിനി)

## ഡി വിഭാഗം / SECTION D

**5.** ബ്രാക്കറ്റിൽനിന്നു ശരിയായ ഉത്തരം എടുത്തെഴുതുക : $8\times\frac{1}{2}=4$

(a) താഴെ കൊടുത്ത കൃതികളിൽ വള്ളത്തോളിന്റേതല്ലാത്തത് ഏത് ?
(മഗ്ദലന മറിയം, അച്ഛനും മകളും, ശലഭഗീതം, സാഹിത്യമഞ്ജരി)

(b) 'ഉയർത്തി വെള്ളക്കൊടി കാട്ടുവോൻ' – ആര് ?
(പിച്ചകം, തുമ്പ, തുളസി, നക്ഷത്രം)

(c) 'ഇതല്ലെങ്കിൽ സ്വർഗ്ഗമെന്തിനിവേറെ ?' – കവി സുചിപ്പിക്കുന്നത് ?
(ഗ്രാമത്തെ, നഗരത്തെ, കാട്ടുപൊന്തയെ, രാത്രിയെ)

(d) 'ഇതിലുണ്ടേറെ കദ്രു പുത്രന്മാർ ഉറങ്ങുന്നു' ഏതിൽ ?
(ചുവർപ്പൊത്തിൽ, ഫയലിൽ, കൽപ്പടവിൽ, കാട്ടുപൊന്തയിൽ)

(e) ഭക്ഷണം കവിതയാണെന്ന് പ്രഖ്യാപിച്ചതാര് ?
(ഗീതാകാരൻ, ടോൾസ്റ്റോയി, ടാഗൂർ, ഗാന്ധിജി)

(f) കുടുംബക്ലേശം കൊണ്ട് കഥാനായകന്റെ മനസ്സ് എന്തായിരിക്കുന്നു ?
(മെലിഞ്ഞിരിക്കുന്നു, കല്ലായിരിക്കുന്നു, നഗരമായിരിക്കുന്നു, ശവപ്പറമ്പായിരിക്കുന്നു)

(g) ഉമാകേരളം ആരുടെ കൃതിയാണ് ?
(കുമാരനാശൻ, ഉള്ളൂർ, വള്ളത്തോൾ, എൻ.എൻ. കക്കാട്)

(h) "ഒരു യന്ത്രത്തിനും ഞാനെതിരല്ല എന്നാൽ അതു നമ്മെ അടിമപ്പെടുത്തുമ്പോൾ ഞാനതിന് എതിരാണ്" – ഈ വരികൾ ഏതിൽ നിന്നും എടുത്തതാണ് ?
(യംഗ് ഇന്ത്യ, ഹിന്ദ്സ്വരാജ്, ഹരിജൻ, തത്ത്വമസി)

6. (a) ഉത്തരം എഴുതുക :

4×4=

(i) "കുരിശിലേറ്റിയതിനുശേഷം ഉയിർത്തെഴുന്നേൽക്കുന്നവരാണല്ലോ പ്രവാചകൻമാർ" - ഇവിടെ ലേഖകൻ സൂചിപ്പിക്കുന്നത് എന്ത് ?

(ii) "പണ്ട് നോട്ടുകെട്ടുകൾ എണ്ണുമ്പോൾ കാണിച്ച അതേ സൂക്ഷ്മത" – ഈ വാക്കുകൾ കഥാഗതിയിൽ വരുത്തിയ മാറ്റം എത്രമാത്രം ഹൃദ്യമായിരിക്കുന്നു ? വിശദമാക്കുക.

(iii) "രണ്ടാമത്തെ ദോഷം കൂടുതൽ ഗൗരവമുള്ളതാണ് " – എന്താണത് ? വിശദമാക്കുക.

(iv) "അത് കാരിരുമ്പന്റെ നിറമുള്ള ഘനമുള്ള കൂർത്ത ഒരു പാറയായി മാറുന്നു" – എന്താണ് ഇങ്ങനെ മാറുന്നത് ? മാറാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുക.

(b) (i) 'ദുരിതമാകുമാറങ്ങണഞ്ഞെത്തി' ആര് ? എത്തിയതിനെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

(ii) "ചേറിൽക്കുറുക്കുന്നു സിതാംബുജങ്ങൾ കാറിൽ പിറക്കുന്നു പയഃകണങ്ങൾ" – ആശയം വിശദമാക്കുക.

(iii) നഗരത്തിൽനിന്നു ഗ്രാമത്തിലെത്തിയ കവിയുടെ അനുഭവങ്ങൾ എങ്ങനെയുള്ളതായിരുന്നു ? വിശദമാക്കുക.

(iv) 'തുമ്പപ്പൂവ്' എന്ന കവിത നൽകുന്ന സന്ദേശം എന്ത് ? 4×4=16

12

ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *2×6=12*

(i) അപ്പു കപ്പിത്താനെ രക്ഷപ്പെടുത്തിയതെങ്ങനെ ?

(ii) അപ്പു മുത്താമയിൽനിന്ന് സ്വായത്തമാക്കിയ അത്ഭുതസിദ്ധികൾ എന്തെല്ലാം ? വിശദമാക്കുക.

(iii) 'ഡോക്ടറുടെ ഡോക്ടർ' എന്ന് അപ്പുവിനെ വിശേഷിപ്പിക്കാനിടയാക്കിയ സന്ദർഭം വിശദമാക്കുക.